**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3840** **15-07-2022 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കായി അവയവം എത്തിക്കുന്നതിൽ 'മൃതസഞ്ജീവനി' അധികൃതർ അലംഭാവം കാട്ടുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ; | (ബി) | **ഇല്ല.** |
| (സി) | ഈ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിൽ വളരെ ഫലപ്രദമായാണ് പ്രവർത്തിക്കുന്നത്. 2012 ൽ ആരംഭിച്ച മൃതസഞ്ജീവനി പദ്ധതി മുഖേന നാളിതുവരെ 340 ദാതാക്കളിൽ നിന്നും 972 അവയവങ്ങളും 250 ന് മുകളിൽ കോർണിയ മാറ്റ ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്. അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി വിവിധ തരത്തിലുള്ള ബോധവത്കരണ പരിപാടികൾ, വർക്ഷോപ്പ് മുതലായവ മൃതസഞ്ജീവനി സംഘടിപ്പിച്ചു വരുന്നു.മൃതസഞ്ജീവനി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിച്ചിക്കുകയും ആയത് 1955 ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായി വരുന്നു. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതാണ്.** |

സെക്ഷൻ ഓഫീസർ